# ഊറാപരുവിന്റെ

## ചികിത്സ

പ്രകാശകൻ

കെ. വി. അയ്യപ്പു

കോപ്പി 1000

1106

എ. ആർ. പി. പ്രെസ്സ്,

കുന്നംകുളം.

വില [illegible]ണ

# ഒററ പരുവിൻെറ
# ചികിൽസ

പ്രകാശകൻ:

കെ. വി. അയിപ്പു

കോപ്പി 1000

1106

(പകർപ്പവകാശം സ്വായത്തം.)

A. R. P. PRESS, KUNNAMKULAM.

# മു ഖ വു ര

മാന്യ മഹത്തുക്കളെ! സർവ്വ ജനങ്ങളുടേയും പ്രയോജനത്തിനുവേണ്ടി പ്രസിദ്ധം ചെയ്യണമെന്നുള്ള എന്റെ അത്യാശാഫലമായ ഈ ഒററ പരുവിന്റെ ചികിത്സാപദ്ധതി അതിഗൂഢവും ചില പൂർവ്വീക ഭിഷഗ്വരന്മാരാൽ സംരക്ഷിതവും ആയിരുന്ന വിശിഷ്ട ഗ്രന്ഥങ്ങളെ നോക്കി പര്യാലോചിക്കയും അവരുടെ അനുഭവങ്ങളെ ആരാഞ്ഞറിഞ്ഞു നിരൂപണം ചെയ്കയും ചെയ്തതിന്റെ ഫലമാണെന്നു പറയുന്നതിൽ എനിക്കു അശേഷം അധൈര്യം ഇല്ലെന്നുള്ള പരമാർത്ഥം ആദ്യമായി അറിയിച്ചുകൊള്ളട്ടെ. ഈ ചെറുപുസ്തകം ശ്ലാഘ്യനും നീതിജ്ഞനും ആയ എന്റെ പ്രിയ ഗുരു അറയ്ക്കൽ കോരള്ള വക്കി അവർകളാൽ കൂലംകഷമായി പരിശോധിയ്ക്കയും ചെയ്തിട്ടുണ്ട്.

ഉപകാരമേറിയ ഇതിലെ ഭാഗങ്ങൾ ഏറിയ കാലമായി അന്തർദ്ധാനം ചെയ്തിരുന്നതിനെ ഇപ്പോൾ പരസ്യമാക്കി പ്രയോജനപ്പെടുത്തുന്നതിനു ആഗ്രഹിച്ചു ഞാൻ ചെയ്തു വന്ന പ്രയത്നത്തെ നിങ്ങൾ ശ്ലാഘിക്കുമെന്നു വിശ്വസിയ്ക്കയും നിങ്ങളുടെ ജ്ഞാനദൃഷ്ടികളാൽ കാണപ്പെടുന്ന തെററുകളെ സദയം ക്ഷമിപ്പാൻ മാപ്പു ചോദിക്കുകയും ഈ പുസ്തകം ഭംഗിയായും താമസത്തിനിട വരാതെയും

അച്ചടി ജോലികൾ തീൎത്തു തന്ന എ. ആർ. പി. പ്രസ്സുകാരോടും എനിക്കുള്ള കൃതജ്ഞതയെ പ്രകടിപ്പിച്ചുകൊണ്ട് ഈ ചെറുപുസ്തകത്തെ വിനയപൂൎവ്വംസജ്ജന സമക്ഷം സമൎപ്പിച്ചുകൊള്ളുന്നു.

എന്ന്

വിനീതനായ K. V. L

VAIDYARATNAM BOOKS

ശ്രീ

# ഒററപരുവിൻെറ ചികിൽസ

## മംഗളം.

ഒററക്കുരുവതിൻ ചികിത്സ പറവാ-
നൊട്ടേറെ യത്നിക്കുമെ-
ന്നാംത്താരിൻ ദുരിതങ്ങളൊക്കെ
യകലേക്കെത്തിച്ചു കൊണ്ടിക്ഷണം
ചെററും തള്ളാതെ പ്രിയമത്തു
ജനതയ്ക്കേറിയിപ്പുസ്തകത്തെ
ചിത്താനന്ദത്തിൽ വയ്പാനിതു
പൊഴുതു വിശ്വനാഥനമൊസ്തു.

## നിദാനം.

ഗുരുനാഥനിനിക്കേററം
ഗുണയാസ്സുരിക്കെപ്പൊഴും.
സരസാ വന്നനാവിന്മേൽ
സരസ്വതി വിളങ്ങണം.
നരവർഗ്ഗത്തിനുണ്ടാകും
പരുക്കൾ പലതാകിലും
ചുരുക്കത്തിൽ പറഞ്ഞീടാം
പരോപകാര വാഞ്ഛയാൽ

പ്രമേഹമതിൽനിന്നങ്ങ്
കണ്ടീടുന്നോരു വ്യാധിയാം.
ലക്ഷണങ്ങളറിഞ്ഞീടാൻ
പണിയുണ്ടെവനും ദൃഢം.
എങ്കിലൊട്ടു പറഞ്ഞീടാം
ഇന്നു ശാസ്ത്രേണ കണ്ടപോൽ
പതിനെട്ടു വിധംകാണും
പരുവിൻെറ വിശേഷത
ചുരുക്കീട്ടെട്ടു വർഗ്ഗത്തിൽ
പറയാമതിഗോപ്യമായ്.
ചൊറിഞ്ഞു മുഖ്യംപോയ
ചുവപ്പായിട്ടു പൊങ്ങിടും
സ്ഥാനഭേദങ്ങളും നോക്കീട്ടു-
ങ്ങിതിൽഭാരം നിനച്ചിടാം.
ഇങ്ങനെ രോഗമുണ്ടായാൽ
ഖാത്മീക പരുവെന്നുപേർ
അഗ്നി തൊട്ടിട്ടു പോളച്ച
പോളൻ എന്നതു പോലെയും
കാണും സന്ധ്യവിലെന്നാലെ
അഗ്നിജ പരുവെന്നുപേർ
ഇതുതന്നെയുമല്ലല്ലോ
പൊട്ടി വെള്ളമൊലിച്ചിടും
നട്ടെല്ലെക്കഴിഞ്ഞിട്ടു
മുഖമങ്ങു കരിഞ്ഞുടൻ
വന്നാകണ്ടുവതെന്നാകിൽ
ചഴ്പ്പിക്കുക തൽക്ഷണം

VAIDYARATNAM BOOKS

അത്തിക്കായാകൃതികാണും
പഴുപ്പും വേദനയാലുമാം
പൊട്ടിയങ്ങു വിടർന്നിട്ടു
കാണാം വിവൃതയാംമുഖ
രേഖയും വീക്കവും ഇല്ല
പനിയും വായുകോപവും
ഉള്ളിൽ ദണ്ഡങ്ങളുംകൂടി
കണ്ടാലങ്ങകമെ പരു.
പരുവുള്ളൊരു ഭാഗത്തു
പുറമെ നൊമ്പരംവരും
അന്തർവിദ്രുതിയെന്നങ്ങ
കല്പിയ്ക്കാമൊരുഭാഷയിൽ
ചെറുതാം വിരലിൻമീതെ
കടുകിൻ മണിയോളമായ്.
ചുവന്നങ്ങിഹ കണ്ടിട്ട്
വീക്കവും അതിവേദന
വന്നുകണ്ടവതെന്നാകിൽ
ശക്തിയുള്ളോരു വ്യാധിയാം
അംഗുഷ്ഠിതോത്ഭവംനാമ
മെന്നുചൊല്ലുന്നു ബുദ്ധിമാൻ
വേഗം ചികിത്സ ചെയ്കീടിൽ
അവ്യാധി തെററിയൊഴിഞ്ഞിടാം.
ഇനിയും പലതുണ്ടല്ലൊ
പിടകത്തിന്നു ലക്ഷണം
വിങ്ങിത്തടിച്ചുമിന്നകി
കണ്ടിടുന്നതുകച്ഛപി.

VAIDYARATNAM BOOKS

വേദനാപാരമായിട്ടു
മുഖവും പലതായ വരാം
എണ്ണളും നൂറുമായ് കാണും
കടന്നൽ ക്കൂട്ടപോലഹൊ
മുഖമോരോന്നു പൊട്ടീട്ടു
പഴുപ്പും പാരമായ് വരും
പഴുപ്പു മെല്ലെനിർത്തീടാൻ
വേണ്ടതപ്പോഴെ ചെയ്യുകാ.
ചെയ്യുകൊണ്ടാൽ പൊറുത്തീടു-
മീശകാരുണ്യമേറുകിൽ.
മൂന്നുതിങ്ങളുതാണല്ലൊ
അവുധിചൊല്ലിയിരിപ്പതു
പയറിൻമണിപോലങ്ങു
കവളത്തിഹ കണ്ടുടൻ
ചൊറിയങ്ങിഹതോന്നീട്ടു
ചുവപ്പും വീക്കവും വരും.
ഗണ്ഡാലജിയതാം നാമ-
മതിനങ്ങുളവായ് വരും.
ഇതു ശക്തികുറഞ്ഞുള്ള
പരുവാണെന്നു ഭാഷിതം
ചുണ്ടുവീർത്തു മലർന്നിട്ടു
വേദനയ്ക്കു് വന്നിടുംപരു
ഓഷ്ഠവീക്കമതെന്നല്ലൊ
നാമധേയമതിന്നറി
ഇതുതന്നെയുമല്ലല്ലൊ
കാണാംപല പ്രകാരമായ്

വകഭേദമറിഞ്ഞീടാൻ
പണിയുണ്ടേവനും ക്ഷണാൽ
വാതം മുമ്പായിനീരെങ്കിൽ
കൃഷ്ണവർണ്ണമതായിടും
പിത്തം മുമ്പായി നീരെങ്കിൽ
രക്തത്തിൻ നിറമായിടും
ശ്ലേഷ്മം മുമ്പായിനീരെങ്കിൽ
ശ്വേതവർണ്ണമതായിടും.
ഉള്ളിൽ ദണ്ഡങ്ങളുണ്ടാകും
പനിയും കൂടെ വന്നിടും
ദാഹം ഛർദ്ദിയതെന്നല്ലാ
കൈകാൽ മെല്ലെത്തണുക്കയും
വായുകോപവുമേറിടും
ബന്ധിക്കും മലവും ജലം
കാണും രോഗങ്ങളോരോന്നും
പരുവിൻെറ വിശേഷത.
അതാതിന്നൌഷധം നന്നായ്
കൊടുത്താൽ ശമനം വരും
ദുർദ്ദിനേ വന്നുകണ്ടീട-
മെന്നല്ലൊ ഗുരുഭാഷിതം
വിലാപ്പുറത്തുനെററിക്കും
ചെറുതാം വിരലിന്മേലും
ചുങ്കിനാം വന്നുവെന്നാകിൽ
പൊറുപ്പാൻ പണിയാസ്സരും
സ്ത്രീജനത്തിന്നിടത്തല്ലൊ
പുരുഷന്നു വലത്തുമാം

പരുവന്നിഹ കണ്ടാലം
ങ്ങളുവൈഷമ്യമെന്നറി
ഏഴിലൊ പത്തിലൊ മൃത്യു
വന്നുപോയീലയെങ്കിലൊ
പന്ത്രണ്ടു് നോക്കി സൂക്ഷിച്ചാൽ
മൃത്യുവന്നു ചമഞ്ഞിടാം.
എങ്കിലും ചിലജാതിക്ക
ഔഷധിയങ്ങിഹ നീണ്ടുപോം
പരോപകാരം ചെയ്യേണം
വൃഥാതന്നെയുമാദരാൽ
ഫലസിദ്ധി ഭവിച്ചീടും
മററാരേടത്തു നിർണ്ണയം.
ചെന്നു രോഗിയെ നോക്കീടിൽ
കാണണം മുഖമാദ്യമായ്.
വിശേഷാൽ പരുവിന്മേലും
പിന്നെ ലക്ഷണമൊക്കെയും
ദേഹസ്ഥിതി ധരിക്കേണം
വിരേചിപ്പിസ്കുയുംണ്ണം
കൈകാൽകൾ തൊട്ടുനോക്കീട്ടു
ശീതാവസ്ഥ ഗണിക്കണം
അടിതൊട്ടു തണുത്തിട്ടു
മധ്യം കഴിഞ്ഞുയെങ്കിലൊ
അസാദ്ധ്യമെന്നു ചൊല്ലേണം
വൈദ്യന്മാരതിനെ പുന
[redacted]കാരുണ്യമേറീടിൽ
മാത്രം രക്ഷ ലഭിച്ചീടും.

ചികിത്സാക്രമമായുള്ള
തത്ത്വ ചൊല്ലുന്ന ഭാഷയായ്
നിലശങ്ക പുഷ്ടമതാം
രഹസ്യമായ മരുന്നിനെ
നന്നായരച്ച നീരിന്മേ-
ലിട്ടീടിൽ ഗുണമെത്രയും
പ്രയോഗം പലതുണ്ടല്ലോ
യുക്താനുസാരമായപോൽ
വിധിപോലെയരച്ചുള്ള
ഗുളിക നന്നിതെത്രയും
യുക്തിയാമനുപാനത്തിൽ
കൊടുത്താൽ ഗുണമെത്രയും
വേപ്പിൻ തോലാദിയായുള്ള
കഷായങ്ങൾ ഗുണംതുലോം
നീരിൽ പ്രഭേദെയിട്ടീടാൻ
കമ്പുള്ളതു സാരമാം
വണ്ണംപ്രകാരം കണ്ടിട്ട
ധാരയും ചെയ്യുകാദരാൽ
വായുവല്ലാതെ കണ്ടെന്നാൽ
കൂട്ടി വയ്ക്കണമപ്പൊഴെ
മുക്കടി ഗുളികയിത്യാദി
വായുക്ഷോഭവിനാശനം
[illegible]ണാപ്പു പാർമായ് കണ്ടാൽ
[illegible]മൊന്നിരിക്കിലും
കമ്പിളി പ്രയോഗവും നല്ല
[illegible]ങ്ങൾ ചൊന്നപോലതും

VAIDYARATNAM BOOKS

ചെയ്തുകൊണ്ടാൽ ശമിച്ചീടു
മതിനില്ലൊരു സംശയം
കരിങ്ങാലിയാദിയായുള്ള
കഷായം ബഹുസാരമാം
ആകമെ വ്യാധി തട്ടാതെ
തടുപ്പാനെത്രനന്നിതു
നന്നപാരം പലതിനും
ഗുണമേററവുമായ് വരും
സിദ്ധൌഷധങ്ങളോരോന്നും
സിദ്ധമായിട്ടിരിക്കണം
ഉപ്പും പുളിയും പിന്നെ
ഘൃതമൊ തൈലവർഗ്ഗമൊ
രോഗിയങ്ങിഹതൊട്ടീടാൻ
സമ്മതിക്കാതൊരിക്കലും
പത്ഥ്യം സൂക്ഷിച്ചിരുത്തീടിൽ
രോഗമങ്ങു ശമിച്ചിടും
നീരുനന്നായ് പഴുത്തിട്ടു
ആണിപോയാലുണക്കിടാൻ
കാച്ചുധാരയതും കൊള്ളാം
മററു യോഗങ്ങളാലുമാം
അദ്ധ്യായമൊന്നു നിർമ്മിച്ചേ
നത്യാശപെരുകീട്ടുഞാൻ
ഇനിവേണ്ടുന്നതിന്നെല്ലാം
അതുകൊണ്ടറിയായ് വരും.

### മററ പരുവിന്റെ

# സാമാന്യ ചികിത്സ.

## കഷായങ്ങൾ.

1\. വേപ്പിൻതൊലി അമൃത് ചുക്ക് പടവലം വയമ്പ് വരട്ടമഞ്ഞൾ ത്രിഫലത്തോണ്ട് പൂവൻവാഴക്കടപ്പൻ ആല്ലി കരിമലംപട്ട ചെറുവഴുതിന വേര ഇവ ഓരോ കഴഞ്ചുവീതം ചതച്ചു ൰൬ ഇടങ്ങഴി വെള്ളത്തിൽ വെന്ത് നാഴിയാക്കി ഓരോ ഇടംവീതം എടുത്ത് ഇന്തുപ്പും ജീരകവും പൊടിച്ചു മേമ്പൊടി ചേർത്ത് രണ്ടു നേരവും കൊടുക്ക.

2\. കരിങ്ങാലിക്കാതൽ വേപ്പിൻതൊലി കരിമലംപട്ട എരട്ടിമധുരം നറുനീണ്ടിക്കിഴങ്ങ് നാരും മൊരിയും കളഞ്ഞു വെളുത്ത കീഴാനെല്ലി പടവലം ഇല്ലിത്തിരി ഇവ ഫൽ കഴഞ്ചുവീതം ചതച്ചു ൰൬ ഇടങ്ങഴി വെള്ളത്തിൽ വെന്ത് നാഴിയാക്കി ഏലത്തരി ജീരകം മേമ്പൊടിചേർത്ത് രണ്ടു നേരവും കൊടുക്ക.

3\. കൂവളത്തിൻ വേര ആടലോടകത്തിൻ വേര വെള്ളക്കരിമ്പു നറുനീണ്ടിക്കിഴങ്ങ് പുത്തരിച്ചുണ്ടവേര ചന്ദനം കരിമ്പനക്കുരുന്നു മലര ജീരകം ഇവ ൰൬ [illegible] കഴഞ്ചു വീതം ചതച്ചു ൰൬ ഇടങ്ങഴി വെള്ളത്തിൽ വെന്തു നാഴിയാക്കി ഏലത്തരി ജീരകം മേമ്പൊടി ചേർത്ത് രണ്ടു നേരവും കൊടുക്ക.

# കിഴികഷായത്തിന്ന.

4. ജീരകം ൨ കഴഞ്ച് കുറുന്തോട്ടിവേര ആടലോടകത്തിൻ വേര മലര ചന്ദനം എരട്ടിമധുരം ജാതിക്കാ ജാതിപത്രി കുവളത്തിൻവേര ചുരത്തണ്ട് മുക്കാപ്പിരിയത്തിൻ ഇല കരയാൻപൂവ് ഞെരിഞ്ഞിൽ കിരിയാത്ത് ഇവ ൨ കഴഞ്ചുവീതം ചതച്ച് കിഴികെട്ടി തൊലികളയാത്ത ആടലോടക കോലിന്മേൽ കിഴി കെട്ടി നാലിടങ്ങഴി വെള്ളം ചേൎത്ത് കിഴി കൊണ്ടിളക്കി വററിച്ച് ഒരിടങ്ങഴിയാക്കി ഓരോ ഇടം കഷായവെള്ളം വീതം കിഴി പിഴിഞ്ഞെടുത്ത് വെരുകിൻചട്ടം ഗോരോചനം സഹസ്രാവേധിക്കല്ല് പഞ്ചസാര ഇവകൾ അനുപാനം ചേൎത്ത് പലവട്ടം കൊടുക്ക.

5. ൨ കഴഞ്ച് ഏലത്തരി ൬ ഇടങ്ങഴി വെള്ളത്തിൽ വെന്ത് നാഴിയാക്കി ഓരോ ഇടം വീതം എടുത്തു ഗുളിക മേമ്പൊടിചേൎത്ത് കൊടുക്ക.

6. ൨ കഴഞ്ചു ഞെരിഞ്ഞൽ ൬ ഇടങ്ങഴി വെള്ളത്തിൽ വെന്ത് നാഴിയാക്കി ഓരോ ഇടം വീതം എടുത്തു പഞ്ചസാരയും പനിനീരും മേമ്പൊടി ചേൎത്തു കൊടുക്ക.

7. വേപ്പിൻതൊലി അമൃത് ചുക്ക് വരട്ടുമഞ്ഞൾ ആടലോടകവേര ത്രിഫലത്തൊണ്ട് ചെറുവഴുതിനവേര പടവലം ഇവ ൬ കഴഞ്ചുവീതം ചതച്ച് ൬ ഇടങ്ങഴി വെള്ളത്തിൽ വെന്തു നാഴിയാക്കി ജീരകം മേമ്പൊടിചേൎത്തു രണ്ടു നേരവും കൊടുക്ക.

VAIDYARATNAM BOOKS

8. അടപൊതിയൻകിഴങ്ങു ഇരുവേലി ത്രിഫലത്തൊണ്ട് ആടലോടകത്തിൻവേര അമൃത് നറുനീണ്ടിക്കിഴങ്ങ് ചുക്ക് ഇരട്ടിമധുരം പടവലം ചന്ദനം മുത്തങ്ങ രാമച്ചം വേപ്പിൻതൊലി ഇവ ൟ കഴഞ്ചുവീതം ചതച്ച് ൧ ഇടങ്ങഴി വെള്ളത്തിൽ വെന്ത് നാഴിയാക്കി തേൻ മേമ്പൊടി ചേർത്ത് രണ്ടുനേരവും കൊടുക്ക.

## പലവട്ടം കഷായത്തിന്ന

9. കരിങ്ങാലിക്കാതൽ കരിമ്പലംപട്ട ഇവ മുമ്മൂന്നു കഴഞ്ചു പടവലം പുത്തരിച്ചുണ്ടവേരമ്മൽത്തൊലി വെളുത്ത കിഴാനെല്ലിവേര ചെറുവഴുതിനവേര തഴുതാമവേര പൂവൻവാഴക്കടപ്പുനല്ലി ചതകപ്പ ഇവ ഓരോ കഴഞ്ചുവീതം ചതച്ച് ൧ൽ ഇടങ്ങഴി വെള്ളത്തിൽ വെന്ത് ൽ ഇടങ്ങഴിയാക്കി ഗുളം മേമ്പൊടി ചേർത്തു ൽ ഇടം വീതം ഏറ്റുനു പലവട്ടം കൊടുക്ക.

10. ൧൨ കഴഞ്ചു ചൊന്നാമുക്കി ൧ ഇടങ്ങഴി വെള്ളത്തിൽ വെന്തു നാഴിയാക്കി ൩ കഴഞ്ചു കച്ചൂരം പൊടിച്ചു ചേർത്ത കൊടുക്ക.

## ഇരട്ടിക്കഷായത്തിന്ന

11. ജീരകം നാലുകഴഞ്ചു. കിരിയാത്ത് ആടലോടകത്തിൻവേര് ചെറുവഴുതിനവേര പുത്തരിച്ചുണ്ടവേര കുറുന്തോട്ടിവേര മലര നറുനീണ്ടിക്കിഴങ്ങ് ഇല്ലിക്കോരി ആവണക്കിൻവേര ഇരട്ടിമധുരം ഏലത്തരി ഇലവങ്ങത്തൊലി മഞ്ചട്ടിപ്പൊടി

രാമച്ചം കൊട്ടം ചെറുതേക്കിൻവേര കച്ചൂരക്കിഴങ്ങ് മുരിങ്ങാക്കൊഴുന്ന് അരത്ത കരുനൊച്ചിയില കരിമ്പനക്കുമ്പ് മാവിൻതളിര പച്ചപ്പാശി ജാതിപത്രി വള്ളിഉഴിഞ്ഞ വാൽമുളക ത്രികടു അരികൾ ആറും മുന്തിരിങ്ങാപഴം വയമ്പു പാറങ്കി കടുകരോഹണി ദശമൂലം ത്രിഫലത്തൊണ്ട് ജാതിക്കായ് ആശാളി സഹസ്രാവേധിക്കല്ല് ഇവ ഒരോകഴഞ്ചു ചതച്ച് വ്യ ഇടങ്ങഴി വെള്ളത്തിൽ വെന്തു ഫൽ ഇടങ്ങഴിയാക്കി ഓരോ ഇടംപീതം എടുത്തു പൊന്നു, വെള്ളി, രുദ്രാക്ഷം ഗോരോചനങ്ങളിക ഇവകൾമേമ്പൊടിചേർത്തു കൊടുക്ക.

N. B. 1-ാംനമ്പർ കഷായം പരുക്കളുടെ ആരംഭത്തിൽ കൊടുക്കുന്നതിനും 2-ാംനമ്പർ കഷായം നീക്കെട്ടിനും നീരുകൾക്കും, 4. വായുവിനും, 5. ദാഹത്തിനും വിശപ്പുണ്ടാകുവാനും, 6. മൂത്രതടസ്സത്തിനും, 7, 8, എളു നീരുകൾക്കും, ൯. അകമെ നീരു വ്യാപിക്കാതെ നീക്കെട്ടിനെ തടുക്കുന്നതിനും 10. വയറിളക്കുവാനും, 11. സർവ്വ വായുക്കൾക്കും നല്ലതാകുന്നു.

—:*:—

## കുഴമ്പുകൾ.

1. വള്ളിപ്പാല, വൻകുടലി, നന്ത്യാർവട്ടം, കാർതോട്ടി കരട്ടുപാല കുടകപാല ഏഴിലപാല മുരിങ്ങ ഇവകളുടെ തൊലി ത്രിഫലത്തൊണ്ട് ചുക്ക് വയമ്പു വരട്ടുമഞ്ഞൾ കരിങ്ങാലിക്കാതൽ വേപ്പിൻതോലു കാഞ്ഞിമലംപെട്ട മാഞ്ചി കൊട്ടം സന്നി

VAIDYARATNAM BOOKS

ഞകം ഇവ സമം കാടിയിൽ പുഴുങ്ങി മുലപ്പാലിൽ അരച്ചു കുഴമ്പാക്കി നെററിമേൽ പുരട്ടുക തലവേദന മാറും.

7 ചെങ്ങന്നൂർകിഴങ്ങ് അമൃത് കൊഴപ്പ എരട്ടിമധുരം തിരുതാളി ചന്ദനം നാല്പാമരത്തിൻ മൊട്ട് കറുക ഇവ സമം ജീരകവെള്ളത്തിൽ പുഴുങ്ങി അരച്ചു കുഴമ്പാക്കി അമൃതിൻനീരും ചേൎത്തു നീരിൻമുഖത്തു ഇടുക പഴക്കം നിശ്ചയം.

8. താമരയല്ലി ഞെട്ടാഞൊടിയൻ കുടകപ്പാലവേരിന്മേൽതൊലി വേപ്പിൻതോൽ ചിററമൃത് മഞ്ഞൾ മുത്തങ്ങ രാമച്ചം ആവൽതൊലി എള്ള് നാല്പാമരത്തിൻ തൊലി ഇരുവേലി കറുന്തോട്ടിവേര ചന്ദനം വേട്ടാവെളിയൻകൂട്ട് കറുക കരിമ്പിൻവേര പേരാൽമൊട്ട് നറുനീണ്ടികിഴങ്ങ് ഇന്തുപ്പ് തിരുതാളി പപ്പടകപ്പുല്ല് തെങ്ങിൻ പൂക്കലഅരി ഇവ സമം ചതച്ചു കൊഴപ്പ ഇടിച്ചു പിഴിഞ്ഞനീരിൽ പുഴുങ്ങി അരച്ചു നീരിന്മേൽ പുരട്ടുക മൎമ്മസ്ഥാനങ്ങളിൽ വരുന്ന പരുവിനു സാരം

9. നാല്പാമരത്തിൻ തൊലി മുലപ്പാലിൽ അരച്ചു കുഴമ്പാക്കിയതൊ വെളുത്ത കീഴാനെല്ലി കദളിവാഴമാങ്ങ് ഇവ സമം പനിനീരിൽ അരച്ചു കുഴമ്പാക്കിയതൊ കാഞ്ഞിരപഴത്തിൽ അമൃതിൻനീരു കൂട്ടി യോജിപ്പിച്ചു കുഴമ്പാക്കിയതൊ അമൃതിൻ നീരു തനിച്ചു മുലപ്പാലിലൊ അത്തിത്തൊലി പനിനീരിൽ അരച്ചു കുഴമ്പാക്കിയതൊ പച്ചമപ്പഴക്ക ജീരകവെള്ളത്തിൽ അരച്ചു കുഴമ്പാക്കിയതൊ

VAIDYARATNAM BOOKS

ലകം ഇവ സമം കാടിയിൽ പുഴുങ്ങി മുലപ്പാലിൽ അരച്ചു കുഴമ്പാക്കി നെററിമേൽ പുരട്ടുക തലവേദന മാറും.

7 ചെങ്ങന്നൂർകിഴങ്ങ് അമൃത് കൊഴപ്പ എരട്ടിമധുരം തിരുതാളി ചന്ദനം നാല്പാമരത്തിൻ മൂട്ട് കറുക ഇവ സമം ജീരകവെള്ളത്തിൽ പുഴുങ്ങി അരച്ചു കുഴമ്പാക്കി അമൃതിൻനീരും ചേൎത്തു നീരിൻമുകെത്തു ഇടുക പഴക്കം നിശ്ചയം.

8. താമരയല്ലി ഞൊട്ടാഞൊടിയൻ കുടകപ്പാലവേരിന്മേൽതൊലി വേപ്പിൻതോൽ ചിററമൃത് മഞ്ഞൾ മുത്തങ്ങ രാമച്ചം ആവൽത്തൊലി എള്ള് നാല്പാമരത്തിൻ തൊലി ഇരുവേലി കറുന്തോട്ടിവേരു ചന്ദനം വേട്ടാവെളിയൻകൂട്ട് കറുക കരിമ്പിൻവേരു പേരാൽമൊട്ട് നറുനീണ്ടിക്കിഴങ്ങ് ഇന്തുപ്പ് തിരുതാളി പപ്പടകപ്പുല്ല് തെങ്ങിൻ പൂക്കുലഅരി ഇവ സമം ചതച്ചു കൊഴപ്പ ഇടിച്ചു പിഴിഞ്ഞനീരിൽ പുഴുങ്ങി അരച്ചു നീരിന്മേൽ പുരട്ടുക മർമ്മസ്ഥാനങ്ങളിൽ വരുന്ന പരുവിനു സാരം

9. നാല്പാമരത്തിൻ തൊലി മുലപ്പാലിൽ അരച്ചു കുഴമ്പാക്കിയതൊ വെളുത്ത കീഴാനെല്ലി കദളിവാഴമാങ്ങ് ഇവ സമം പനിനീരിൽ അരച്ചു കുഴമ്പാക്കിയതൊ കാഞ്ഞിരപഴത്തിൽ അമൃതിൻനീരു കൂട്ടി യോജിപ്പിച്ചു കുഴമ്പാക്കിയതൊ അമൃതിൻ നീരു തനിച്ചു മുലപ്പാലിലൊ അത്തിത്തൊലി പനിനീരിൽ അരച്ചു കുഴമ്പാക്കിയതൊ പച്ചമപ്പുഴുക്ക ജീരകവെള്ളത്തിൽ അരച്ചു കുഴമ്പാക്കിയതൊ

യഥോചിതംപോലെ നീരിന്റെ മുഖത്തിട്ടാൽ പഴുപ്പാനും വേദന ശമിപ്പാനും നല്ലതെന്നറിക.

10. ഗരുഡക്കൊടിവേരു മലരു ചുക്ക് ജീരകം വെളുത്ത മേത്തിരക്കണ്ണിയില ഇവ സമം മുലപ്പാലിൽ അരച്ചു കുഴമ്പാക്കി മാറത്തു പുരട്ടിയാൽ ഛർദ്ദി ശമിക്കും.

11. രഹസ്യമരുന്നു കാടിയിൽ അരച്ചു തിളപ്പിച്ചു നാഭിക്കിട്ടാൽ മൂത്രതടസ്സം മാറും.

12. മുരിങ്ങാത്തൊലി കാടിതളിച്ചു ഇടിച്ചു പിഴിഞ്ഞ നീരിൽ കടുക്ക അരച്ചു കുഴമ്പാക്കി കാലിന്റെ പാദത്തിങ്കൽ പുരട്ടിയാൽ തണുപ്പു മാറും വെളുത്തുള്ളി ചതച്ചു പെരുവിരലിന്മേൽ വച്ചുകെട്ടുക തണുപ്പു മാറും നിശ്ചയം.

13. ജോനകനാരങ്ങനീരിലൊ വെളുത്ത കീഴാനെല്ലിനീരിലൊ രഹസ്യമരുന്നു അരച്ചു കുഴമ്പാക്കി നിറുകയിൽ ഇടുക വായുക്ഷോഭത്തിന്നു സാരം

14. ഷോഡാഉപ്പു നാരങ്ങനീരിൽ ചാലിച്ചു നിറുകയിൽ ഇടുക.

15. വല്ല പരുവിനും പുറത്തൊക്കെ ശേ ഉണ്ടായാൽ മുലപ്പാലിൽ അമുക്കിരം അരച്ചു പുരട്ടുക സാരം.

## മശൂരികൾ

1. ഏറ കഴഞ്ചു ക്രുവളത്തിൻവേരു കൊത്തമല്ലിയും ഏലത്തരിയും ഇട്ടു വെന്ത വെള്ളത്തിൽ അരച്ചു പൂവൻവാഴയിലയിൽ കെട്ടി വാട്ടി പിഴിഞ്ഞ നീരിൽ വില്വാദിഗുളിക മേമ്പൊടിചേർത്തു കൊടുക്ക ഛർദ്ദി ശമിക്കും സാരം.

VIDYARATNAM BOOKS

2. ആടലോടകത്തില ഞരമ്പുനീക്കി മുക്കാപ്പിരിയത്തില ഇവ സമം ജീരകം ചന്ദനം അരച്ചു തളിച്ചു വാട്ടി പിഴിഞ്ഞ നീരിൽ പഞ്ചസാര സഹസ്രാവേദിക്കല്ല് വെരുകിൻ പുഴുക് പഞ്ചമപ്പുഴക്ക മേമ്പൊടിചേൎത്തു ഗുളികയും അരച്ചുചേൎത്തു കൊടുക്ക വായുവും നീക്കെട്ടും ശമിക്കും സാരം-

3. ചെന്തെങ്ങിൻ കരിക്ക് നിലം തൊടാതെ കൊണ്ടുവന്നു പുറംതൊണ്ടു ചെത്തി പുഴുങ്ങിക്കൊണ്ടു ഉലച്ചു പഞ്ചമപ്പുഴക്ക സന്നിനായകം ഗുളിക ഇവ അരച്ചു കലക്കി കലുക്കി ഓരോ ഇടം വീതം എടുത്തു കൊടുക്ക വായു ശമിക്കും.

4. ജോനകനാരങ്ങനീരിൽ ഗുളിക അരച്ചുചേൎത്തു കൊടുക്ക ചൂടും വേദനയും ശമിക്കും.

## ധാരകൾ.

1. കരിങ്ങാലിക്കാതൽ ൧൨ കഴഞ്ചു. അമൃത് ഇരട്ടിമധുരം ആറാറുകഴഞ്ച്. ചതച്ചു ന ഇടങ്ങഴി വെള്ളത്തിൽ വെന്തു ഒരിടങ്ങഴി ആക്കി തണുപ്പിച്ചു ധാരകോരുക വേദനക്കു നന്നു.

2. അമൃത് കാഞ്ഞിരത്തിൻ പന്നക്കിഴങ്ങ് ഇവ ഓരോ പലം. കരിക്കിൻവെള്ളത്തിൽ ഇടിച്ചുപിഴിഞ്ഞു ചന്ദനം ഇരട്ടിമധുരം അരച്ചു കലക്കി നാഴി പശുവിൻപാലും ചേൎത്തു ധാരകോരുക വേദന ശമിക്കും നിശ്ചയം.

കശ്ചപി എന്ന പരുവിനേ ഈ ധാര ചെയ്യാവൂ എന്നു ഗുരു ഉപദേശം.

3. നാല്പാമരത്തിൻതൊലി ഓരോപലം ൮ ഇടങ്ങഴി വെള്ളത്തിൽ വെന്ത് ൧ൽ ഇടങ്ങഴിയാക്കി ഇന്തുപ്പ പൊടിച്ചിട്ട ധാരകോരുക. അടക്കമില്ലെങ്കിൽ കുങ്കുമപ്പൂവ് മേൽപറഞ്ഞ നാഴി വെള്ളത്തിൽ അരച്ചു ചേർത്ത് ധാരകോരുക വേദന ശമിക്കും സാരം.

4. അമൃത് പടവലം ഞെരിഞ്ഞിൽ ഇവ ന്ന കഴഞ്ചുവീതം നാല്പാമരത്തുകൽ ന-ന കഴഞ്ചു ചതച്ചു ൮ ഇടങ്ങഴി വെള്ളത്തിൽ വെന്തു ൧ൽ ഇടങ്ങഴിയാക്കി ജീരകം മേമ്പൊടി ചേർത്തു തണുപ്പിച്ചു ധാരകോരുക. പരു പഴുപ്പാറും വേദന ശമിപ്പാനും സാരം.

5. വേപ്പിൻതോൽ ത്രിഫലത്തോട് ഇവ വ കഴഞ്ചുവീതം ചതച്ചു ന ഇടങ്ങഴി വെള്ളത്തിൽ വെന്തു ൧ൽ ഇടങ്ങഴിയാക്കി കുറേശ്ശെ എടുത്തു ഇന്തുപ്പ പൊടിച്ചിട്ട ധാരകോരുക വ്രണം ഉണങ്ങും.

## കാച്ചുധാരകൾ.

ചെറുകടലാടി സമൂലം കരിമുരുക്കില കൊട്ടക്കില പുല്ലാന്നിയില പച്ചമഞ്ഞൾ മുക്കുറ്റി [illegible] ഇവ സമം ഇടിച്ചുപിഴിഞ്ഞ നീരു നാഴി കച്ചോലം വാട്ടമഞ്ഞൾ ചതകുപ്പ കരിംജീരകം ഇല്ലിപൊരിപ്പൽ (മുളപൊരി) ഇവ അരകഴഞ്ചുവീതം അരച്ചുകലക്കി ഒന്നര ഉടം തേങ്ങവെളിച്ചെണ്ണയും കാൽഉടം നറുനെയ്യും അരക്കാൽ ഉടം പന്നിനെയ്യും അരയ്ക്കാൽഉടം വേപ്പെണ്ണയും

VAIDYARATNAM BOOKS

ചേൎത്തു കാച്ചി അരക്കിന്റെ ഒട്ടുക്കം കല്ക്കം അ
തിൽതന്നെ അരച്ചുചേൎത്തു ശീല മുക്കി വ്രണത്തേ
ൽ ഇടുക.

N. B. അറുപതു ദിവസം കഴിഞ്ഞേ കാ
ച്ചുധാര പ്രയോഗിക്കാവൂ. ചില പരുക്കൾക്കു മൂന്നു
മാസം കഴിഞ്ഞേ കാച്ചുധാര പ്രയോഗിക്കാവൂ.

## ഗുളിക അരപ്പാൻ

ആടലോടകത്തിൻവേര് പുത്തരിച്ചുണ്ടവേരു
ഗൾതൊലി കുറുന്തോട്ടിവേര് നറുനീണ്ടിക്കിഴങ്ങ്
അമൃത് മുത്തങ്ങക്കിഴങ്ങ് നെല്ലിക്കത്തൊണ്ട് വെ
ളുത്ത കീഴാനെല്ലി ചെറുവഴുതിനവേര് ഏലത്തരി
ഇവ ൨ കഴഞ്ചുവീതം ചതച്ചു പൽ ഇടങ്ങഴി വെ
ള്ളത്തിൽ വെന്ത് രണ്ടുടം ആക്കിയതിൽ ൩ പ
വം നീലശംഖുപുഷ്പം അരച്ചു പലകപ്പുറത്തു പര
ത്തി ഉണക്കി കുങ്കുമപ്പൂവ് ചന്ദനം രണ്ടും കിരിയാ
ത്ത് ഏലം ഇലവങ്ഗം പച്ചില നാഗപ്പൂവ് ഇര
ട്ടിമധുരം ജീരകം ചുക്ക് കരിങ്ങാലിക്കാതൽ വേ
പ്പിൻതൊലി മുത്ത് പവിഴം അഞ്ജനക്കല്ല് സഹ
സ്രവേധികല്ല് പതിമുഖം കരിംജീരകം ചതകുപ്പ
പഞ്ചപഴക്ക മാഞ്ചി കൊട്ടം മഞ്ഞക്കാന്തംവേര്
ഇവ ൧ കഴഞ്ചുവീതം മുൻ ഉണക്കിഎടുത്തു പച്ച
മരുന്നും ചേൎത്തു ഇഞ്ചിനീററിൽ മൂന്നുയാമം അര
ച്ചു ഉണക്കി പൊടിച്ചു കീഴാനെല്ലിനീററിൽ മൂന്നു
യാമം അരച്ചു ഉണക്കി പൊടിച്ചു ഗോരോചന ഒ

ന്ന് വെരുകിൻ ചട്ടം ഒന്ന് വെരുകിൻ പുഴ കസ്തൂരി പൊന്ന് വെള്ളി കൃഷ്ണവിരിയത്തിൻകൊമ്പു ഇവ ഉൽ പണമിട വീതം മേൽപറഞ്ഞ പൊടിയും കൂട്ടി കതളിവാഴ മാങ്ങിൻ നീരിൽ മൂന്നു യാമം അരച്ചു ഏലത്തരി വെന്ത വെള്ളത്തിൽ മൂന്നായാമം അരച്ചു കന്നി പ്രമാണം ഗുളിക ചമച്ചു നിഴലിലുണക്കി സൂക്ഷിച്ചു ഏകാദിപോലെ അനുപാനത്തിൽ കൊടുക്ക ഇവ വളരെ നന്നു.

N. B. മേൽ പറഞ്ഞിട്ടുള്ള സകല പ്രയോഗങ്ങൾക്കും ഈ ഗുളിക ചേർത്തുകൊള്ളണം.

# നോട്ടീസ്

താഴെ കാണുന്ന മേൽവിലാസത്തിൽ ആവശ്യപ്പെട്ടാൽ ഈ പുസ്തകം 10—നു 2 വീതമുള്ള ഡിസ്കൗണ്ടോടുകൂടി റൊക്കവിലക്കു കിട്ടുന്നതായിരിക്കും.

കെ. വി. അയിപ്പു
വേങ്ങൂർകര
കുറുപ്പംപടി.

VAIDYARATNAM BOOKS